## പതിമൂന്നാം കേരള നിയമസഭ – അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6345 11/07/2012 – ൽ മറുപടിക്ക്

### തലശ്ശേരി നിയോജകമണ്ഡലത്തിൽ മാതൃകാ മത്സ്യഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാനത്ത് ഇതിനകം എത്ര മാതൃകാ മത്സ്യഗ്രാമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ;<br>(ബി) ഇത് ഏതൊക്കെ സ്ഥലങ്ങളിലാണെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) മാതൃകാ മത്സ്യഗ്രാമം പദ്ധതിയുടെ സംസ്ഥാനതല നിർമ്മാണോദ്ഘാടനം 06/06/2012-ന് വലിയതുറയിൽ നിർവ്വഹിക്കുകയുണ്ടായി. മാതൃകാ മത്സ്യഗ്രാമങ്ങളാക്കി മാറ്റുന്ന മത്സ്യഗ്രാമങ്ങൾ ചുവടെ ചേർക്കുന്നു.<br>1. വലിയതുറ - തിരുവനന്തപുരം<br>2. പുത്തൻതുറ - കൊല്ലം<br>3. തൃക്കുന്നപ്പുഴ - ആലപ്പുഴ<br>4. ആറാട്ടുപുഴ - ആലപ്പുഴ<br>5. ചെല്ലാനം - എറണാകുളം<br>6. കൈപ്പമംഗലം - തൃശ്ശൂർ<br>7. പൊയ്യ - തൃശ്ശൂർ<br>8. താനൂർ - മലപ്പുറം<br>9. മാറാട് - കോഴിക്കോട്<br>10. അഴീക്കോട് - കണ്ണൂർ<br>11. അജാനൂർ - കാസർഗോഡ് |
| (സി) മാതൃകാ മത്സ്യഗ്രാമത്തിന്റെ ഘടനയും ഉള്ളടക്കവും വിശദീകരിക്കാമോ; | (സി) പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം 2011-15 കാലയളവിലേക്ക് സംസ്ഥാനത്ത് മാതൃകാ മത്സ്യഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി 160 കോടി രൂപ ധനസഹായമായി പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതിയിൽ 160 കോടി രൂപ ചെലവിൽ ഭവന നിർമ്മാണം, കുടിവെള്ള വിതരണം, സാനിട്ടേഷൻ, വൈദ്യുതീകരണം, മത്സ്യ മേഖല അടിസ്ഥാന സൗകര്യ വികസനം, സാമൂഹ്യ അടിസ്ഥാന സൗകര്യ വികസനം എന്നീ ഘടകങ്ങൾക്കായി ഏകദേശം 14.55 കോടി രൂപയാണ് ഓരോ പ്രദേശത്തിനുമായി ചെലവഴിക്കുന്നത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ, തെരഞ്ഞെടുക്കപ്പെട്ട ഓരോ മത്സ്യഗ്രാമങ്ങളിലും 2.5 ലക്ഷം രൂപ അടങ്കൽ |

| | | | |
|---|---|---|---|
| | | | വരുന്ന 284 ഭവനങ്ങൾ നിർമ്മിച്ചു നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇപ്രകാരം സംസ്ഥാനത്തുടനീളം 3124 ഭവനങ്ങൾ ഈ പദ്ധതി യിലൂടെ നിർമ്മിച്ചു നൽകുന്നതാണ്. പദ്ധതിയുടെ നിരീക്ഷണത്തിനും സുഗമമായ നടത്തിപ്പിനുമായി ഒരു സംസ്ഥാനതല മാനേജ്മെന്റ് കമ്മറ്റി യും ഓരോ ജില്ലാതല കമ്മറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | തലശ്ശേരി നിയോജക മണ്ഡ ലത്തിലെ ഗോപാലപ്പേട്ടയിൽ മാതൃകാ മത്സ്യഗ്രാമം പദ്ധതി ആരംഭിക്കണമെന്നാ വശ്യപ്പെട്ട് നിവേദനം ലഭ്യമാ യിട്ടുണ്ടോ; | (ഡി) & (ഇ) | ഇല്ല. |
| (ഇ) | എങ്കിൽ ഇതിന്മേൽ എന്തെ ല്ലാം നടപടികളാണ് സ്വീകരി ച്ചിട്ടുള്ളതെന്ന് വിശദമാക്കാ മോ; | | |
| (എഫ്) | മാതൃകാ മത്സ്യഗ്രാമം പദ്ധ തിക്കായി ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയെന്നും വെളിപ്പെടുത്താമോ ? | (എഫ്) | മാതൃകാ മത്സ്യഗ്രാമം പദ്ധതിക്കായി ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ